# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 09/05/ 2020

## ലോക്-ഡൗൺ മാർഗ നിർദേശങ്ങൾ പാലിക്കാത്ത 163 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു.

കൊല്ലം : കൊവിഡ്-19 വ്യാപനം തടയുന്നതിനായിസർക്കാർ ഏർപ്പെടുത്തിയ ലോക്-ഡൗൺ നിബന്ധനകൾ പൊതുജനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ്വരുത്തുന്നതിനായി ജാഗ്രതയോടെ കർശന പരിശോധനകളുമായി കൊല്ലം സിറ്റി പോലീസ്. മാനദണ്ഡങ്ങളും നിർദേശങ്ങളും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് പോലീസ് കൈക്കൊള്ളുന്നത്. നിർദേശംലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 91 പേർക്കെതിരെയും ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങൾ പുറത്തിറക്കിയതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയതിനും 159 കേസുകളും രജിസ്റ്റർ ചെയ്ത് 163 പേരെ അറസ്റ്റ് ചെയ്യുകയും 114വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. വിദേശരാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി ഗൃഹ നിരീക്ഷണത്തിലും സർക്കാർ നിരീക്ഷണ കേന്ദ്രങ്ങളിലും കഴിയുന്നവർ യാതൊരുകാരണവശാലും ക്വാറന്റൈൻ കേന്ദ്രങ്ങളിൽ നിന്നും പുറത്തേക്ക് പോകരുതെന്നും സാമൂഹ്യഅകലം പാലിച്ച് സർക്കാർ നൽകിയ മാർഗ നിർദേശങ്ങൾ പാലിക്കേണ്ടതാണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർ കരശന നടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നും ലോക്-ഡൗൺ നിബന്ധനകളിൽ ഇളവ് വരുത്തി പ്രവർത്തിക്കുവാൻ അനുവാദം നൽകിയസ്ഥാപനങ്ങളുംവ്യാപാര സ്ഥാപനങ്ങളും സർക്കാർ നിർദേശങ്ങൾ കർശനമായി പാലിച്ച് പ്രവർത്തിക്കേണ്ടതും സമയക്രമം പാലിച്ച് ശുചീകരണ സംവിധാനങ്ങൾ ഒരുക്കി സാമൂഹ്യഅകലം പാലിക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തിക്കുവാൻ അനുവാദം ഇല്ലാത്ത സ്ഥാപനങ്ങൾ ഒന്നുംതന്നെ തുറന്ന് പ്രവർത്തിക്കരുതെന്നും 10.05.2020 ഞായറാഴ്ച സർക്കാർ സംസ്ഥാനത്ത് പൂർണകർഫ്യൂ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വീടുകളിൽത്തന്നെ കഴിയേണ്ടതാണെന്നും വാഹനങ്ങൾ ഉൾപ്പെടെ പുറത്തിറക്കരുതെന്നും സർക്കാർ പുറപ്പെടുവിച്ച മാർഗ നിർദേശങ്ങൾ കൃത്യമായി

പാലിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കർശന നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റിഐ.പി.എസ് അറിയിച്ചു.

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓച്ചിറ ജനമൈത്രി പോലീസ് ഓച്ചിറ പര ബ്രഹ്മം ആഡിറ്റോറിയത്തിൽ വച്ച് നിർധനരായ രോഗികൾക്ക് മരുന്ന് വിതരണം നടത്തി. കൂടാതെ ക്വാറന്റൈനിൽ കഴിയുന്ന ആൾക്കാരുടെ വീടുകളിലേക്കും മരുന്ന് എത്തിച്ചു നൽകി. പോലീസ് സംവിധാനത്തിലൂടെ കൊല്ലത്ത് നിന്നും എറണാകുളം, പത്തനംതിട്ട എന്നിവിടങ്ങളിലുള്ള രോഗികൾക്ക് ജീവൻ രക്ഷാമരുന്നുകൾ എത്തിച്ചു നൽകി.